


# വൈവിധ്യമാർന്ന സംരംഭങ്ങൾ



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

സംരംഭങ്ങളെക്കുറിച്ചും സംരംഭകരായി മാറാൻ പ്രചോദനം നൽകുന്ന മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരെക്കുറിച്ചും ഗ്രേഡിങ്ങിനെക്കുറിച്ചുമൊക്കെ കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങൾ വായിച്ചുകാണുമല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീയിലുള്ള സംരംഭങ്ങളെക്കുറിച്ചും അവയുടെ വൈവിധ്യത്തെക്കുറിച്ചുമുള്ള വിശദാംശങ്ങൾ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കുകയാണ്. കുടുംബശ്രീയിലാകെ 21,306 സംരംഭങ്ങളുണ്ട്. അതിൽ 9,068 വ്യക്തിഗതവും 12,238 ഗ്രൂപ്പ് സംരംഭങ്ങളുമാണ്. വ്യക്തിഗതം അല്ലെങ്കിൽ ഗ്രൂപ്പ് എന്ന വിഭജനം മാറ്റി ഉത്പാദനം, സേവന മേഖല, വ്യാപാരം (ട്രേഡ്) എന്നിങ്ങനെ തരം തിരിച്ച് പറഞ്ഞാൽ 9,227 സംരംഭങ്ങൾ ഉത്പാദന മേഖലയിലും 7,121 സംരംഭങ്ങൾ സേവന മേഖലയിലും 4,958 സംരംഭങ്ങൾ വ്യാപാരമേഖലയിലുമുണ്ട്.




സാധാരണയായി അയൽക്കൂട്ടാംഗങ്ങൾക്ക് താത്പര്യമുള്ള മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനാണ് ഞങ്ങൾ അവരെ പ്രോത്സാഹിപ്പിക്കാറ്. ഇത് കൂടാതെ വിപണിയിൽ സാധ്യതയുള്ള മേഖലകളിൽ സംരംഭങ്ങൾ തുടങ്ങുന്നത് വഴി സ്ഥിരവരുമാനം ലഭിക്കുമെന്നതിനാൽ ഇത്തരം മേഖലകളിൽ സംരംഭങ്ങൾ നടത്താനും ഞങ്ങൾ അയൽക്കൂട്ടാംഗങ്ങളെ പ്രചോദിപ്പിക്കാറുണ്ട്. ഇത് കൂടാതെ സംരംഭങ്ങളിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സംരംഭ മാതൃക ഏറ്റെടുക്കാനുള്ള പ്രോത്സാഹനവും നൂതന ആശയങ്ങൾക്കുള്ള പ്രചോദനവും ഞങ്ങൾ നൽകുന്നു.

കേരളത്തിലുള്ള കുടുംബശ്രീ സംരംഭങ്ങളുടെ കണക്കെടുക്കുമ്പോൾ 160 വ്യത്യസ്തങ്ങളായ സംരംഭങ്ങളാണ് ഞങ്ങളുടെ കുടുംബാംഗങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. ഇതിൽ പവർലോൺഡ്രി യൂണിറ്റ്, ബഗ്ഗി സർവീസ്, പ്ലാസ്റ്റിക് ഷ്രേഡിങ് യൂണിറ്റ്, ഡ്രൈവിങ് സ്കൂൾ, അമിനിറ്റി സെന്റർ, ശിങ്കാരിമേളം യൂണിറ്റ്, വെജിറ്റബിൾ കട്ട് യൂണിറ്റ്, പിഎസ്‌സി കോച്ചിങ് സെന്റർ, ഹോം സ്റ്റേ, ഹെൽത്ത്ക്ലബ്ബ് എന്നിങ്ങനെ വളരെയധികം വൈവിധ്യമാർന്ന സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയിട്ടുള്ള മേഖലകളിൽ പത്ത് എണ്ണം താഴെ പറയുന്നവയാണ്.

1. കഫേ യൂണിറ്റുകൾ
2. ന്യൂട്രിമിക്സ് യൂണിറ്റുകൾ
3. ടെയ്‌ലറിങ് റെഡിമെയ്ഡ് ഷോപ്പ്
4. പ്രൊവിഷണൽ സ്റ്റോർ
5. സ്റ്റേഷനറി ഷോപ്പുകൾ
6. ഹോം ഷോപ്പുകൾ
7. ഹൗസ് കീപ്പിങ്
8. ഫെസിലിറ്റി മാനേജ്മെന്റ്
9. ഓട്ടോ ടാക്സി സർവീസ്
10. ഐടി യൂണിറ്റ്/ ഡിടിപി.

സംരംഭങ്ങളുടെ വൈവിധ്യത്തെക്കുറിച്ചും വിശദാംശങ്ങളെക്കുറിച്ചും അറിയാൻ http://kudumbashree.org/pages/142 എന്ന പേജ് സന്ദർശിക്കാം.